പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ.1076 — 20.3.2012-ൽ മറുപടിക്ക്

## ആറന്മുളയിൽ വിമാനത്താവളത്തിനായി സ്ഥലം നികത്തുന്നുവെന്ന പരാതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ശശീന്ദ്രൻ:<br>ശ്രീ.തോമസ് ചാണ്ടി : | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പു മന്ത്രി) |
| (എ) 2008-ൽ നിയമസഭ പാസ്സാക്കിയ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിൽ പ്രഖ്യാപിച്ച പഞ്ചായത്ത്, ജില്ലാ, സംസ്ഥാന സമിതികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഈ സമിതികൾ നിർണ്ണയിക്കപ്പെട്ട അപേക്ഷകളിന്മേൽ തീർപ്പുകല്പിക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) സംസ്ഥാനതലസമിതി എന്നാണ് രൂപീകരിച്ചത് ; അതിലെ അംഗങ്ങൾ ആരൊക്കെയാണ് ; പ്രസ്തുത സമിതി ഇതിനകം എത്ര തവണ യോഗം ചേർന്നിട്ടുണ്ട് ; സംസ്ഥാനതലസമിതി ഇതിനകം എത്ര അപേക്ഷകൾ പരിഗണിച്ചു; എത്ര അപേക്ഷകൾ നിരസിച്ചു ; എത്രയെണ്ണം അനുകൂലമായി തീർപ്പു കല്പിച്ചു എന്നുള്ള വിശദവിവരം വെളിപ്പെടുത്തുമോ ; | (ബി) സർക്കാർ ഉത്തരവ് (എം.എസ്)നം.166/09/കൃഷി തീയതി 17.9.2009 പ്രകാരം സംസ്ഥാനതല സമിതി രൂപീകരിച്ചിട്ടുണ്ട്. കാർഷികോൽപ്പാദന കമ്മീഷണർ, ലാന്റ് റവന്യൂ കമ്മീഷണർ, ബയോഡൈവേഴ്സിറ്റി ബോർഡ് ചെയർമാൻ, ഡയറക്ടർ, എക്സ്റ്റൻഷൻ പാഡി മിഷൻ, കേരള കാർഷിക സർവ്വകാലാശാല എന്നിവരാണ് അംഗങ്ങൾ.<br>സംസ്ഥാനതല സമിതി 8 പ്രാവശ്യം യോഗം കൂടിയിട്ടുണ്ട്. സംസ്ഥാനതലസമിതിയ്ക്ക് മുമ്പാകെ പൊതു ആവശ്യങ്ങൾക്കായി നെൽവയൽ നികത്തുന്നത് സംബന്ധിച്ച് 72 അപേക്ഷകൾ നാളിതുവരെ ലഭിച്ചിട്ടുണ്ട്. അതിൽ 21 അപേക്ഷകൾക്ക് സംസ്ഥാനതല സമിതി അനുമതി |

| | |
|---|---|
| | ശുപാർശ ചെയ്യുകയുണ്ടായി. 51 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. |
| (സി) ആറന്മുളയിൽ ഒരു വിമാനത്താവളം പണിയുന്നതിന് സ്ഥലം നികത്തുവാൻ അനുവാദം ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാനതലസമിതിക്ക് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അത് എന്നാണെന്നും, ഇതിന്മേൽ സംസ്ഥാനതല സമിതി എന്ത് തീരുമാനം എടുത്തുവെന്നും വ്യക്തമാക്കുമോ ; | (സി) അപേക്ഷ ലഭിച്ചിട്ടില്ല. |
| (ഡി) സംസ്ഥാനതലസമിതിയുടെ അനുവാദമില്ലാതെയാണ് ആറന്മുളയിൽ വിമാനത്താവളത്തിന് സ്ഥലം നികത്തുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ? | (ഡി) ഉണ്ട്. അടിയന്തിരമായി നിലം നികത്തൽ നിറുത്തിവയ്ക്കാനും നിയമ വിരുദ്ധമായ ആ നടപടിക്കെതിരെ ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതിനും പത്തനംതിട്ട ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ